

# ജനാധിപത്യം എന്ന ജീവിത വഴി

photo: rajesh chalode



ശിവദാസൻ എ.കെ.

**മനുഷ്യൻ ജനാധിപത്യവത്കരിക്കപ്പെടുന്നത് തടയുന്നവർ ആരുമാകട്ടെ അവർ മനുഷ്യത്വവുമായി നിതാന്ത യുദ്ധത്തിലേർപ്പെട്ടവരാണ്. ലോകത്ത് ഒരു മനുഷ്യനും പരസ്പരം സമാനനല്ല. മതത്തിനകത്ത്, ജാതിക്കകത്ത്, ഭാഷകൾക്കും, വംശത്തിനുമകത്ത് എന്തിന് രക്തബന്ധങ്ങൾക്കകത്ത് അവൻ, അവൾ വ്യത്യസ്തരാണ്.**

ഏത് തരം വ്യവസ്ഥയ്ക്കുള്ളിലായിരിക്കും മനുഷ്യൻ കൂടുതൽ സ്വസ്ഥനായിരിക്കുക. രാഷ്ട്രതന്ത്രത്തിൽ അധികാരവുമായി ബന്ധപ്പെടുത്തിയ വ്യവസ്ഥകൾ നിരവധിയാണ്. രാജാധിപത്യവും, പ്രഭുത്വഭരണവും പിന്നീട് പട്ടാള ഭരണകൂടങ്ങളും മതാധിഷ്ഠിത സമൂഹങ്ങളും, മത നിരപേക്ഷ സമൂഹങ്ങളും, ജനാധിപത്യവും എല്ലാം നാം കണ്ടു കഴിഞ്ഞിരിക്കുന്നു. ഇതിലെല്ലാം എവിടെയാണ് മനുഷ്യൻ കൂടുതൽ സ്വസ്ഥനായിരുന്നിട്ടുണ്ടാവുക. കൂടുതൽ ഫലപ്രദമായ ഒരു മാർഗ്ഗമെന്ന നിലയിൽ ജനാധിപത്യത്തെ ആധുനിക സമൂഹം അംഗീകരിച്ചിരിക്കുന്നു. പക്ഷേ, അത്തരമൊരു ഭരണ സമ്പ്രദായത്തിലും മനുഷ്യൻ സമാധാനപൂർവ്വം ജീവിക്കുന്നുണ്ടോ എന്നത് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്ത് അധിവസിക്കുന്ന നമ്മോട് ആരും പറഞ്ഞു തരേണ്ടതില്ല.

ഈ പറഞ്ഞതെല്ലാം മുമ്പേ പറഞ്ഞതു പോലെ രാഷ്ട്രതന്ത്രമാണ്. ഭരിയ്ക്കാനും, ഭരിയ്ക്കപ്പെടാനുമുള്ള വ്യത്യസ്ത പദ്ധതികളാണ്. ഇതിനുമപ്പുറത്താണ് വ്യക്തികളുടെ ജീവിതം. നിത്യജീവിതവുമായി ബന്ധപ്പെട്ടും ഒരു തരം ജനാധിപത്യമുണ്ട്." Democracy as a way of life " എന്ന നിലയിൽ. മതാധിഷ്ഠിത സമൂഹങ്ങളിലാണ് മനുഷ്യൻ ധർമ്മിഷ്ഠനാകുന്നത് എന്നും അല്ലെന്നുമുള്ള ചർച്ചകൾ ഇന്നും വളരെ സജീവമാണ്. മതം സജീവമായിരുന്ന സമൂഹങ്ങളിലെല്ലാം തന്നെ പ്രത്യേകിച്ച് ഒരു സമാധാനവും നിലനിന്നതായി ചരിത്രം പരിശോധിച്ചാൽ കാണാൻ കഴിയുകയില്ല. ഇനി മതത്തെ ഉപേക്ഷിച്ചിടത്തോ. അവിടെയും സ്ഥിതി വ്യത്യസ്തമല്ല. രക്തച്ചൊരിച്ചിലുകളും അസ്സമാധാനവും എവിടെയുമുണ്ട്. പക്ഷേ, എത് തരം വ്യവസ്ഥയോ ആയിരിക്കട്ടെ പരസ്പരം ജനാധിപത്യമായ നിലപാടുകൾ ഉള്ളിടത്ത് കലഹങ്ങൾ കുറഞ്ഞ് വരുന്നത് നാം കാണുന്നു. അവിടെ ന്യൂനപക്ഷത്തിന്റെ അവകാശങ്ങൾ ലംഘിക്കപ്പെടുകയോ, ഭൂരിപക്ഷം അവർക്കെതിരെ കുതിര കയറുകയോ ചെയ്യുന്നില്ല. അവിടെ പൊതുനിരത്തുകൾ കൈയ്യേറി മനുഷ്യർ വിശ്വാസപ്രഖ്യാപനം ചെയ്യുന്നില്ല. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആയുധമണിഞ്ഞ് മദ്ധ്യകാലത്തിലെ ഇരുണ്ട മനസ്സിലേക്ക് പടയോട്ടം നടത്തുന്നില്ല. തന്നിൽ നിന്ന് വ്യത്യസ്തനെന്ന് താൻ വിശ്വസിക്കുന്നവരെ കൊല്ലാൻ ഗൂഡാലോചന നടത്തുന്നില്ല. സംഘടിതശക്തിയായി മാറി പൊതു മനസ്സാക്ഷിയോട് ആരും വില പേശുന്നില്ല. അസംസ്കൃതരായ മനുഷ്യർ ചെയ്യുന്ന തെറ്റുകളോടാണ് വിധിയെന്ന് കരുതി ഗതി കേടുകൊണ്ട് നാം സമരസപ്പെടുന്നത്. അശ്രദ്ധമായി വാഹനമോടിക്കുന്നത് കുറ്റമാണെങ്കിലും പ്രമാണിത്തമുള്ളവർക്ക് എളുപ്പം രക്ഷപ്പെടാമെന്നായാൽ,അത്തരക്കാർക്ക് മുമ്പിൽ നിരവധി ഇരകളുണ്ടായേക്കും. നമുക്കത് വിധിയാണ്. ഏത് കുറ്റവും ഇങ്ങനെത്തന്നെ. ഇത്തരം വിധികളിൽ വിശ്വസിച്ചാണ് നിരവധി രാജ്യങ്ങളിൽ ആളുകൾ കഴിഞ്ഞുകൂടുന്നത്. മാറ്റപ്പെടേണ്ടത് എന്താണ് എന്നവർക്ക് നിശ്ചയമില്ല.

മനുഷ്യൻ ജനാധിപത്യവത്കരിക്കപ്പെടുന്നത് തടയുന്നവർ ആരുമാകട്ടെ അവർ മനുഷ്യത്വവുമായി നിതാന്ത യുദ്ധത്തിലേർപ്പെട്ടവരാണ്. ലോകത്ത് ഒരു മനുഷ്യനും പരസ്പരം സമാനനല്ല. മതത്തിനകത്ത്, ജാതിക്കകത്ത്, ഭാഷകൾക്കും, വംശത്തിനുമകത്ത് എന്തിന് രക്തബന്ധങ്ങൾക്കകത്ത് അവൻ, അവൾ വ്യത്യസ്തരാണ്. പ്രപഞ്ചത്തിലുള്ള എല്ലാം ഇത്തരം വ്യത്യസ്തതയിൽ അഭിരമിക്കുന്നവയാണ്. വൈവിധ്യമാണ് പ്രപഞ്ചത്തിന്റെ സർഗ്ഗാത്മകത. താൻ വിശ്വസിക്കുന്നത് മാത്രം ശരി എന്ന പിടിവാശി ഉള്ളിടത്ത് ഈ സർഗ്ഗാത്മകത ഇല്ല. മനുഷ്യന്റെ മുഴുവൻ അസ്സമാധാനത്തിനും ഹേതു ഈ സർഗ്ഗാത്മകതയിൽ നിന്നുള്ള അകന്നു പോക്കാണ്. മലയാളത്തിൽ മനോഹരമായ ഒരു ചൊല്ലുണ്ട്. രണ്ട് മാന്യൻമാർ എതിരെ വന്നാൽ മൂന്ന് വഴിയാണ്. ഒന്നു മാന്യനും മറ്റേത് മുഷ്കനുമാണെങ്കിൽ രണ്ട് വഴിയാണ്. രണ്ട് മുഷ്കൻമാർ എതിരെ വന്നാൽ വഴിയൊന്നേയുള്ളു. ഭൂമിയിൽ സൻമനസ്സുള്ളവർക്ക് സമാധാനം എന്ന് പറയുന്നത് എത്ര മാത്രം ശരിയാണ്.